**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 401** **16-09-2025 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ നിയോജക മണ്ഡലത്തിലെ ലൈഫ് പദ്ധതി ഗുണഭോക്താക്കളുടെ ഭവന പൂർത്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ആര്യാടൻ ഷൗക്കത്ത് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | നിലമ്പൂർ നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകളിലെ ലൈഫ് പദ്ധതി ഗുണഭോക്താക്കളിൽ രണ്ടു ഗഡു മാത്രം ലഭിച്ച് വീട്ടുപണി പാതിവഴിയിൽ നിൽക്കുന്ന എത്ര കുടുംബങ്ങളുണ്ട്; വ്യക്തമാക്കുമോ; | (എ) | ലൈഫ് ഭവനപദ്ധതി പ്രകാരം അർഹരായി കണ്ടെത്തിയിട്ടുള്ള ഗുണഭോക്താക്കളെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ലഭ്യത അനുസരിച്ച് കരാർ വയ്പിച്ച് ഭവനനിർമ്മാണ ധനസഹായം ലഭ്യമാക്കുന്നതിനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. അതിൻപ്രകാരം നടപടി സ്വീകരിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തു കളിൽ രണ്ടു ഗഡു മാത്രം ലഭിച്ച് വീട്ടുപണി പാതിവഴിയിൽ നിൽക്കേണ്ട<br><br>സാഹചര്യം നിലവിലില്ല. അതിനാൽ നിലമ്പൂർ നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകളിലെ ലൈഫ് ഭവനപദ്ധതി ഗുണഭോക്താക്കളിൽ രണ്ടു ഗഡു മാത്രം ലഭിച്ച് വീട്ടുപണി പാതിവഴിയിൽ നിൽക്കുന്ന കുടുംബ ങ്ങളുടെ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | വീട്ടുപണി തുടർന്നുകൊണ്ടുപോകുവാൻ ബുദ്ധിമുട്ട് അനുഭവിക്കുന്ന ഇവർക്ക് അർഹമായ ഗഡു നൽകാനുള്ള കാലതാമസം എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; ഇവരുടെ അർഹമായ വിഹിതം എന്ന് കൊടുത്ത് തീർക്കുവാൻ കഴിയുമെന്ന് വിശദമാക്കുമോ; | (ബി) | ലൈഫ് ഭവനപദ്ധതി പ്രകാരം അനുവദിക്കുന്ന ഭവനനിർമ്മാണ ധനസഹായത്തിൽ തദ്ദേശസ്വയം ഭരണ സ്ഥാപന വിഹിതം, സംസ്ഥാന വിഹിതം, വായ്പ വിഹിതം എന്നിവ ഉൾപ്പെടുന്നു. കരാറിലേർപ്പെടുന്ന ഗുണഭോക്താക്കൾക്ക് ആവശ്യമായ തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതം വകയിരുത്തേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങളാണ്.<br><br>ഓരോ ഗ്രാമപഞ്ചായത്തുകൾക്കും അനുവദിച്ചിട്ടുള്ള വായ്പ തുകയുടെ വിവരം ഗ്രാമപഞ്ചായത്തുകൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. അതിൻ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഫണ്ട് അഭ്യർത്ഥന നടത്തുന്ന മുറയ്ക്ക് വായ്പ വിഹിതം ലഭ്യമാക്കുന്നുണ്ട്. അനുവദിച്ചിട്ടുള്ള വായ്പ തുകയ്ക്ക് അനുസൃതമായല്ലാതെ കൂടുതൽ ഗുണഭോക്താക്കളെ കരാർ വെയ്പി ച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളിൽ വായ്പ വിഹിതം ലഭ്യമല്ലാത്ത ഗ്രാമപഞ്ചാ യത്തുകൾക്ക് |

| | | | |
|---|---|---|---|
| | | | അധികമായി വായ്പ തുക ലഭ്യമാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. കരാറിലേർപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾക്ക് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ഫണ്ട് അഭ്യർത്ഥന അനുസരിച്ച് സംസ്ഥാന വിഹിതം നൽകുന്നുണ്ട്. ഇതിൽ യാതൊരു തടസ്സവും നിലവിലില്ല. |
| (സി) | ഉൾവനത്തിൽ താമസിക്കുന്ന ആദിവാസികൾക്ക് വീട് നിർമ്മിക്കുന്നതിനായി നിർമ്മാണസാമഗ്രികൾ എത്തിക്കുവാൻ അധിക ചെലവ് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട് |
| (ഡി) | ഇങ്ങനെ അധിക ചെലവ് വരുന്നതു കാരണം എത്ര ആദിവാസി കുടുംബങ്ങളുടെ വീടിന്റെ നിർമ്മാണമാണ് പാതിവഴിയിൽ നിലച്ച് പോയത്; വ്യക്തമാക്കുമോ; | (ഡി) | ഭവന നിർമ്മാണത്തിനുള്ള ലൈഫ് മിഷൻ ധനസഹായ തുക 4 ലക്ഷമാണ്. എന്നാൽ പട്ടികവർഗ്ഗ സങ്കേതങ്ങൾക്കകത്തും സമീപത്തും ദുർഘട പ്രദേശങ്ങളിലും ഭവന നിർമ്മാണം നടത്തുന്ന പട്ടിക വർഗ്ഗ, ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്ക് ഭവനനിർമ്മാണത്തിന് ചെലവ് കൂടുത ലായതിനാൽ വീട് നിർമ്മാണം നിലച്ചു പോകാതിരിക്കുവാൻ ധനസഹായമിനത്തിൽ 6 ലക്ഷം രൂപ അനുവദിക്കുന്നു. അതിനാൽ ടി വീടുകളുടെ നിർമ്മാണം പാതിവഴിയിൽ നിലച്ച് പോകേണ്ട സാഹചര്യം നിലവിലില്ല. |
| (ഇ) | സാധാരണ ലൈഫ് ഭവന പദ്ധതിക്കായി കണക്കാക്കിയിട്ടുള്ള തുകയുടെ ഇരട്ടിയോളം ചെലവാകുന്ന സാഹചര്യത്തിൽ ഉൾവനത്തിലെ വീടുകളുടെ നിർമ്മാണത്തിന് ഇരട്ടിതുക അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഇ) | ഭവന നിർമ്മാണത്തിനുള്ള ലൈഫ് മിഷൻ ധനസഹായ തുക 4 ലക്ഷമാണ്. എന്നാൽ പട്ടികവർഗ്ഗ സങ്കേതങ്ങൾക്കകത്തും സമീപത്തും ദുർഘട പ്രദേശങ്ങളിലും ഭവന നിർമ്മാണം നടത്തുന്ന പട്ടിക വർഗ്ഗ, ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്ക് ഭവനനിർമ്മാണത്തിന് ചെലവ് കൂടുത ലായതിനാൽ വീട് നിർമ്മാണം നിലച്ചു പോകാതിരിക്കുവാൻ ധനസഹായമിനത്തിൽ 6 ലക്ഷം രൂപ അനുവദിക്കുന്നു. അതിനാൽ ടി വീടുകളുടെ നിർമ്മാണം പാതിവഴിയിൽ നിലച്ച് പോകേണ്ട സാഹചര്യം നിലവിലില്ല. |

സെക്ഷൻ ഓഫീസർ